**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2769** **13-12-2022 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; ഇതുവഴി എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ; | (എ) | ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി, കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെട്ട കുറ്റ്യാടി, കുന്നുമ്മൽ, വേളം, പുറമേരി, തിരുവള്ളൂർ, ആയഞ്ചേരി, മണിയൂർ, വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്തുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br><br>1) ഇന്റേൺ -മാരെ നിയമിച്ചു<br><br>2) വില്ല്യാപ്പള്ളി പഞ്ചായത്തിൽ 2 സംരംഭക ബോധവൽക്കരണ പരിപാടിയും മറ്റ് 7 പഞ്ചായത്തിൽ ഒരു സംരംഭക ബോധവൽക്കരണ പരിപാടി വീതവും നടത്തി.<br><br>3) ലോൺ, ലൈസൻസ്/സബ്സിഡി മേള നടത്തി<br><br>4) ഹെൽപ് ഡസ്ക് ആരംഭിച്ചു.<br><br>5) ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ യുടെ നേതൃത്വത്തിൽ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ അവലോകനം 25/10/2022-ന് നടത്തി. അവലോകനത്തിൽ ഉണ്ടായ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി വരുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നാളിതുവരെ 606 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനും 86,240 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ബി) | മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷാവസാനത്തോടെ വ്യവസായിക മേഖലയിൽ | (ബി) | 2022-23 സാമ്പത്തിക വർഷാവസാനത്തോടെ പദ്ധതിയുടെ ഭൗതികലക്ഷ്യം ആയ1030 - ലധികം |

| | | | |
|---|---|---|---|
| | എന്തൊക്കെ പ്രവൃത്തികളാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി വഴി പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | | സംരംഭങ്ങൾ (കുറ്റ്യാടി മണ്ഡലം) തുടങ്ങി കൂടുതൽ പേർക്ക് ജോലി നൽകാൻ ഉദ്ദേശിക്കുന്നു. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ